## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *227** 07.12.2018- ൽ മറുപടിക്ക്

## പീടികകളിലെയും വാണിജ്യ സ്ഥാപനങ്ങളിലെയും തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. നൗഷാദ്<br>,, റ്റി.വി.രാജേഷ്<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.പി. ഉണ്ണി : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) പീടികകളിലും വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നവർക്ക് വിരളമായി മാത്രമേ സ്ഥാപനങ്ങൾ അവശ്യം വേണ്ട സൗകര്യങ്ങളും വിശ്രമ സൗകര്യവും ഒരുക്കുന്നുള്ളൂ എന്ന പ്രശ്നം പരിഹരിക്കാനായി നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ; | (എ) സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് തൊഴിൽ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 16/09/2015 ലെ ജി.ഒ(പി) നം.134/15/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം 1961 ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ആവശ്യമായ വിശ്രമ സ്ഥലം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ടോയ്‌ലെറ്റ് സൗകര്യം, 20 ഉം അതിൽ കൂടുതലും തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ ക്രഷ് സൗകര്യം, സൗജന്യ താമസ സൗകര്യം എന്നിവ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>കൂടാതെ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക്, ജോലിക്കിടയിൽ ഇരിക്കുന്നതിനുള്ള അവസരം ഉറപ്പാക്കുന്നതിനായി 04/10/2018-ലെ ഓർഡിനൻസ് നമ്പർ.50/2018 ആയി കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതി ഓർഡിനൻസും പുറപ്പെടുവിച്ചിട്ടുണ്ട്. ടി വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ഉറപ്പ് വരുത്തുവാനും എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

(ബി) ഇത്തരം സ്ഥാപനങ്ങളിലെ തൊഴിലാളികൾ ഏറെയും ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യാൻ നിർബന്ധിതരാണെന്നതിനാൽ മിനിമം വേതനം ഉൾപ്പെടെ ഒരു നിയമത്തിന്റെയും പരിരക്ഷ അവർക്ക് ലഭിക്കുന്നില്ലെന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ട്.

(സി) തൊഴിലാളികൾക്ക് ഇടവേളകളിൽ ഇരിക്കാനുള്ള അവകാശം നിയമപരമാക്കിത്തീർത്ത മാതൃകാപരമായ നിയമം പ്രാവർത്തികമാകുന്നുവെന്ന് ഉറപ്പ് വരുത്താൻ വേണ്ട പരിശോധനകൾ ഉണ്ടാകുമോ;

(സി) എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധന നടത്തുമ്പോൾ തൊഴിലാളികൾക്ക് ഇരിപ്പിട സൗകര്യം ഏർപ്പെടുത്തി നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതാണ്.

(ഡി) തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പ വരുത്തുന്നതിനും സ്ത്രീകൾക്ക് അന്തസ്സോടെ ജോലി ചെയ്യാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(ഡി) തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി 10 ഉം അതിൽ കൂടുതലും ജീവനക്കാർ പണിയെടുക്കുന്ന തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും(ICC) ജില്ലാതല ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും, പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും 1556/ബി3/16/സാനീവ തീയതി 26.05.16 പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കുലർ അയച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച നോഡൽ ഏജൻസിയായി വനിതാ ശിശു വികസന ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

1976-ലെ ഈക്വൽ റെമ്യൂണറേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സ്ത്രീക്കും പുരുഷനും തുല്യവേതനം ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം നൽകുക, ലിംഗ സമത്വം ഉറപ്പുവരുത്തി സ്ത്രീ തൊഴിലാളികളുടെ അവകാശങ്ങൾ

സംരക്ഷിക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പ് വരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കിയും സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക തുടങ്ങിയ നടപടികളും സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ